## കേരള സർക്കാർ

### സംഗ്രഹം

ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ് - സംസ്ഥാനതലത്തിൽ മലയാളം കമ്പ്യൂട്ടിംഗ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി ഐ സി ഫോസ്സിനെ (ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ & ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ) ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

### ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.80/2018/വി.സാ.വ.        തീയതി, തിരുവനന്തപുരം, 23.03.2018.**

---

പരാമർശം:- 1. സ.ഉ(പി) നം.9/2017/ഐ.ടി. തീയതി 30.06.2017.
2. ഐ.സി.ഫോസ് ഡയറക്ടറുടെ 19-01-2018 തീയതിയിലെ 15/ഭരണം/2018/ ഐ.സി.ഫോസ് നമ്പർ കത്ത്.

### ഉത്തരവ്

2017-ൽ പുറപ്പെടുവിച്ച വിവരസാങ്കേതിക വിദ്യാ നയത്തിൽ ഊന്നൽ നൽകിയിട്ടുള്ള പ്രധാനപ്പെട്ട വിഷയങ്ങളിലൊന്നാണ് മലയാളം കമ്പ്യൂട്ടിങ്ങ്. സമ്പൂർണ്ണ മലയാളം ഡിജിറ്റൽ നയം രൂപപ്പെടുത്തുന്നതിനും മലയാളം കമ്പ്യൂട്ടിങ്ങിൽ ദ്രുതഗതിയിൽ മുന്നേറുന്നതിനും സർക്കാരിന് പൊതുജനങ്ങളുമായി ഡിജിറ്റൽ മാധ്യമങ്ങളിലൂടെയുള്ള വിവര വിനിമയത്തിനും സർക്കാർ സേവനങ്ങൾ മൊബൈൽ ഉപകരണങ്ങൾ ഉൾപ്പെടെയുള്ളവ മുഖാന്തിരം ലഭ്യമാക്കുന്നതിനും പ്രാദേശിക ഭാഷ പരമാവധി ഉപയോഗപ്പെടുത്തുക എന്ന പ്രഖ്യാപിത ലക്ഷ്യം പ്രാപ്തമാക്കുന്നതിനും വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനത്തിന് ഒരു നോഡൽ ഏജൻസി അത്യാവശ്യമാണെന്ന് കാണുന്നു. പരാമർശം -2 ലെ കത്ത് പ്രകാരം നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതിനു ഐ.സി.ഫോസ് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താഴെ പറയുന്ന ഭാഷാ കമ്പ്യൂട്ടിംഗ് പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളെ സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനുമുള്ള നോഡൽ ഏജൻസിയായി ഐ.സി.ഫോസ്സിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- മലയാളം കമ്പ്യൂട്ടിംഗ് ഗവേഷണ പ്രവർത്തനങ്ങൾക്കാവശ്യമായ അടിസ്ഥാന വസ്തുതകളുടെ വികസനവും ക്രമവൽക്കരണവും.

(മറുപുറം)

- നിലവിൽ വികസിപ്പിച്ച ഭാഷാ സാങ്കേതിക ഉപാധികൾ പൊതുജനങ്ങൾക്ക് സ്വതന്ത്ര ലൈസൻസിങ്ങിൽ ലഭ്യമാക്കൽ.
- മൊബൈൽ കമ്പ്യൂട്ടിങ് ഉൾപ്പെടെയുള്ള മലയാള ഭാഷാ ഡിജിറ്റൽ സാങ്കേതിക നയ രൂപീകരണം
- ഭാഷാ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ രൂപീകരണം.

3. മലയാളം കമ്പ്യൂട്ടിങ്ങ് പുരോഗതി അവലോകനം ചെയ്യുന്നതിനായി 6 മാസത്തിലൊരിക്കൽ ഐ.ടി.വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ യോഗം ചേരേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻപ്രകാരം),**

**വിനോദ്. ജി**
**ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ & ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ (ഐ.സി.ഫോസ് )
ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ & പി ആർ ഡി, തിരുവനന്തപുരം
ഡയറക്ടർ, ഐ ഐ ഐ ടി എം കെ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റാർട്ടപ്പ് മിഷൻ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഐ സി ടി അക്കാദമി ഓഫ് കേരള
എക്സിക്യൂട്ടീവ് ഡയറക്ടർ, സിഡാക്, തിരുവനന്തപുരം
രജിസ്ട്രാർ, സി . ഡിറ്റ്, തിരുവനന്തപുരം
രജിസ്ട്രാർ, മലയാളം സർവകലാശാല
രജിസ്ട്രാർ, കേരള ശാസ്ത്ര സാങ്കേതിക സർവകലാശാല
രജിസ്ട്രാർ, കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാല
ഡയറക്ടർ, മലയാളം മിഷൻ ,
ഡയറക്ടർ, എസ് സി ഇ ആർ ടി
ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിയ പബ്ലിക്കേഷൻസ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ ), കേരള തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള തിരുവനന്തപുരം
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷാ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ &പി ആർ ഡി .
കരുതൽ ഫയൽ

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**